(ബി) ഓരോ തസ്തികയ്ക്കും ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളാണ് നിയമനത്തിനായിട്ടുള്ള വിജ്ഞാപനത്തിൽ പറയാറുള്ളത്. സ്പെഷ്യൽ റൂളുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾക്ക് തത്തുല്യമായിട്ടുള്ള മറ്റ് യോഗ്യതകളും പരിഗണിക്കുന്നതിന് 6-2-1998-ലെ ജി.ഒ.(പി.)7/98/പി.ആന്റ് എ.ആർ.ഡി. ഉത്തരവ് പ്രകാരം പി.എസ്.സി.യ്ക്ക് വിവേചനാധികാരം ഉണ്ട്.

(സി-ഇ) വിവരം ശേഖരിച്ച് നല്കുന്നതാണ്.

(എഫ്) ഇതുമായി ബന്ധപ്പെട്ട നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് (ഗ്രേഡ്-2) തസ്തികയിലേക്ക് നടന്ന എൻഡ്യൂറൻസ് ടെസ്റ്റിൽ നിന്നും വനിതകളെ ഒഴിവാക്കാൻ നടപടി

48 (48) ശ്രീ. എം വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ് (ഗ്രേഡ്-2) തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി പി.എസ്.സി. എഴുത്തുപരീക്ഷയ്ക്കുശേഷം എൻഡ്യൂറൻസ് ടെസ്റ്റ് നടത്തിയിരുന്നോ ;

(ബി) എങ്കിൽ എത്ര ഉദ്യോഗാർത്ഥികളെ ഈ ടെസ്റ്റിന് വേണ്ടി ക്ഷണിച്ചിരുന്നു എന്നും അതിൽ വനിതകൾ എത്രപേർ ഉണ്ടായിരുന്നു എന്നും വ്യക്തമാക്കാമോ ;

(സി) ഗർഭിണികളായതുകാരണം പ്രസ്തുത പരീക്ഷയിൽ പങ്കെടുക്കാൻ നിരവധി വനിതകൾക്ക് കഴിഞ്ഞിട്ടില്ല. എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാന സർവ്വീസിൽ മറ്റേതെങ്കിലും തസ്തികകളിൽ വനിതകളെ കായികക്ഷമതാപരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) അത്തരത്തിൽ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള എൻഡ്യൂറൻസ് ടെസ്റ്റിൽ നിന്നും വനിതകളെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) വ്യക്തമായ കാരണത്താൽ എൻഡ്യൂറൻസ് പരീക്ഷയിൽ പങ്കെടുക്കാൻ കഴിയാതെവന്ന വനിതകളെയെങ്കിലും ഒഴിവാക്കുകയോ അവർക്ക് വേണ്ടി വീണ്ടും പ്രസ്തുത പരീക്ഷ നടത്താൻ നടപടി സ്വീകരിക്കുകയോ ചെയ്യാമോ ?

ഉത്തരം

(എ) നടത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1864 ഉദ്യോഗാർത്ഥികളെ ടെസ്റ്റിന് ക്ഷണിച്ചിരുന്നു. അതിൽ 636 വനിതകൾ ഉണ്ടായിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉത്തരം 'ഡി' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പരിശോധിക്കുന്നതാണ്.

കൃഷി അസിസ്റ്റന്റ് നിയമനത്തിനുള്ള എൻഡ്യൂറൻസ് ടെസ്റ്റ്

49 (49) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നടത്തുന്ന "എൻഡ്യൂറൻസ് ടെസ്റ്റ്" സ്ത്രീകളായ തൊഴിലന്വേഷകരെ ദോഷകരമായി ബാധിക്കുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരേപോലെ അപേക്ഷിക്കാവുന്ന ഈ തസ്തികയിലേക്കുള്ള ടെസ്റ്റിൽ 10 മിനിട്ട് കൊണ്ട് ഒന്നര കിലോമീറ്റർ ഓടുകയും ഒരു മണിക്കൂർ കൊണ്ട് അഞ്ച് സെന്റ് കര ഭൂമി കിളയ്ക്കുകയും ചെയ്യുക എന്നത് സ്ത്രീകൾക്ക്, വിശിഷ്യാ ഗർഭിണികൾക്ക് സാദ്ധ്യമായ കാര്യമല്ല എന്നത് പരിഗണിച്ച് എൻഡ്യൂറൻസ് ടെസ്റ്റിൽനിന്നും സ്ത്രീകളെ ഒഴിവാക്കുകയോ, കായികക്ഷമതാ ടെസ്റ്റ് ലഘൂകരിക്കുകയോ ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

ഇൻഫർമേഷൻ ടെക്നോളജി വകുപ്പിലെ നിയമനങ്ങൾ

50 (50) ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ, സെക്രട്ടറിയേറ്റ് ജീവനക്കാരിൽ നിന്നല്ലാതെ പുറമെ നിന്നും എത്രപേരെ നേരിട്ട് നിയമിച്ചു ;

(ബി) നിയമനത്തിനു സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) സ്ഥിരനിയമനമാണോ നടത്തിയത് ;

(ഡി) നിയമനത്തിന് അപേക്ഷ ക്ഷണിച്ച് പത്രപരസ്യം നൽകിയിരുന്നോ ;

(ഇ) ഇല്ലെങ്കിൽ ഏത് പരസ്യമാർഗ്ഗമാണ് സ്വീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly